ഉത്തരം

2012-13, 2013-14 വർഷങ്ങളിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ, അതിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാത്തവ, പൂർത്തീകരിക്കാനുദ്ദേശിക്കുന്നവ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ദേശീയപാത വിഭാഗത്തിൻ കീഴിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ 2012-13, 2013-14 വർഷങ്ങളിൽ ആരംഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.*

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ വെള്ളം

300 (7271) ശ്രീ. തോമസ് പാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ വെള്ളമൊഴുകുന്ന പ്രദേശങ്ങളായ മനയ്ക്കൽചിറ, പൂവ്വം, മാനുഴക്കരി, ഒന്നാംകര, തെക്കേക്കര ബ്ലോക്ക്, നെടുമുടി ഭാഗങ്ങളിലെ റോഡ് ഉയർത്തി നിർമ്മിക്കുന്നതിന് ഇതുവരെ കെ.എസ്.ടി.പി. സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

പ്രസ്തുത സ്ഥലങ്ങളിൽ റോഡ് ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൽപ്പറ്റ-വാരമ്പറ്റ റോഡ് നിർമ്മാണം

301 (7272) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ മണ്ഡലത്തിലെ കൽപ്പറ്റ-വാരമ്പറ്റ റോഡ് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത റോഡിന്റെ പണി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ-വാരമ്പറ്റ റോഡ് സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൽപ്പെടുത്തിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി&സി) ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത പ്രവൃത്തി പി.പി.പി./ആന്യൂറ്റി രീതിയിൽ ടെണ്ടർ ചെയ്ത് ഓഫർ ലഭിച്ചിട്ടുണ്ട്. ലഭിച്ച ഓഫറുകൾ പരിശോധിച്ച് കരാർ നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly